പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5343 25.10.2011-ൽ മറുപടിക്ക്.

**അധ്യാപികമാർക്കും, ആയമാർക്കും സഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്.ശർമ്മ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പിടിഎ നടത്തുന്ന പ്രീ-പ്രൈമറി സ്കൂളുകളിലെ അധ്യാപികമാർക്കും ആയമാർക്കും സഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ പ്രതിമാസം എത്ര രൂപയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (എ)സർക്കാർ സ്കൂളുകളോട് അനുബന്ധിച്ച് പി.ടി.എ നടത്തുന്ന പ്രീ-പ്രൈമറി സ്കൂളിലെ അധ്യാപികമാർക്ക് 300/-(മുന്നൂറ്) രൂപയും ആയമാർക്ക് 200/- (ഇരുനൂറ്) രൂപയും വീതം പ്രതിമാസം നൽകിവന്നിരുന്നത്. ഇപ്പോൾ യഥാക്രമം 600/- (അറുനൂറ്) ഉം 400/- (നാനൂറ്) ഉം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) ഇപ്പോൾ ജോലി ചെയ്തുവരുന്ന എല്ലാ അധ്യാപികമാർക്കും ആയമാർക്കും ധന സഹായം ലഭിക്കുന്നുണ്ടോ ; | (ബി) നിശ്ചിത യോഗ്യത നേടിയ മുഴുവൻ അധ്യാപികമാർക്കും ആയമാർക്കും ധനസഹായം അനുവദിക്കുന്നുണ്ട് |
| (സി) ഇല്ലെങ്കിൽ എല്ലാവർക്കും ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുമോ; | (സി) ബാധകമല്ല. |
| (ഡി) ഇപ്പോൾ സർക്കാർ പ്രതിമാസം നൽകുന്ന സഹായം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രീ-പ്രൈമറി അധ്യാപികമാർക്കും ആയമാർക്കും നൽകുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (ഡി) ഉണ്ട്,പ്രീ-പ്രൈമറി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.